**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ കട കടബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ; കടബാധ്യത പരിഹരിക്കുന്നതിന് എത്ര തുകയാണ് അഞ്ച് വർഷത്തിനിടെ സർക്കാർ കെ.എസ്.ആർ.ടി.സി. ക്ക് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ ഇനത്തിൽ 3472.21 കോടി രൂപയും, സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയ വായ്പ ഇനത്തിൽ 8328.45 കോടി രൂപയും ബാധ്യതയായി നിലനിൽക്കുന്നു. ഇതിൽ നിന്നും 2013-14 വരെയുള്ള കാലയളവിലെ 1090.76 കോടി രൂപ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി. യിലെ മൂലധന നിക്ഷേപമായി മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡാനന്തരം കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ തിനെ തുടർന്ന് കൺസോർഷ്യം വായ്പയുടെ പ്രതിദിന തിരിച്ചടവ് മുടങ്ങുകയുണ്ടായി. ടി വേളയിൽ ബാങ്കിൽ നിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിലായി കൺസോർഷ്യം വായ്പയുടെ തിരിച്ചടവിനത്തിൽ 360 കോടി രൂപയും, കെ.ടി.ഡി.എഫ്.സി. ലോൺ തിരിച്ചടവിനായി 46.71 കോടി രൂപയും സർക്കാർ വായ്പ ധനസഹായമായി അനുവദിച്ചി ട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി.യിൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള അക്കൗണ്ട്സ് മാത്രമെ C&AG ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആയത് പ്രകാരം 2015-16 സാമ്പത്തിക വർഷം വരെയുള്ള കെ.എസ്.ആർ.റ്റി.സി.യുടെ കടബാധ്യത 6,048.25 കോടി രൂപയാണ്. |
| (ബി) | സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി നിലവിൽ രൂപീകരിച്ചിട്ടുണ്ടോ; സ്വിഫ്റ്റ് രൂപീകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വിഫ്റ്റിന്റെ ലാഭനഷ്ടങ്ങളിൽ കെ.എസ്.ആർ.ടി.സി. ക്ക് ബാധ്യത ഉണ്ടാകുമോ; വിശദാംശം നൽകാമോ? | (ബി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കമ്പനി പ്രവർത്തനം പുരോഗതിയിലാണ്. 19-2-2021-ാം തീയതിയിലെ G.O (MS) നമ്പർ. 7/2021/Trans ഉത്തരവ് പ്രകാരം KSRTC-SWIFT എന്ന പേരിൽ പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി രൂപീകരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 2021 നവംബർ 9-ാം തീയതി കമ്പനി ആക്റ്റ് പ്രകാരം രജിസ്റ്റർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്തു. |

| | | | |
|---|---|---|---|
| | | | ദീർഘദൂര ബസ് സർവ്വീസുകൾ ഒരു കേന്ദ്രീകൃത നിയന്ത്രണത്തിന് കീഴിൽ കാര്യക്ഷമമായി നടത്തുകയെന്നതാണ് ഈ കമ്പനിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കിഫ്ബി ഫണ്ട് വഴിയും, കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ പുതിയ പദ്ധതി വഴിയും, സ്പോൺസർഷിപ്പ് വഴിയും വാടകയ്ക്ക് എടുക്കുന്ന ബസ്സുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും വേണ്ടിയാണ് കമ്പനിയ്ക്ക് രൂപം നൽകിയത്. KSRTC-SWIFT കമ്പനിയുടെ ലാഭ നഷ്ടങ്ങളിൽ KSRTC-യ്ക്ക് ബാധ്യത ഉണ്ടാവില്ല. |

സെക്ഷൻ ഓഫീസർ